സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 60 ലക്കം: 158 2025 സെപ്തംബർ 24 ബുധൻ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

യുഎസ് എച്ച്1 ബി വിസ ഫീസ് ഉയർത്തിയതിന് പിന്നാലെ ഇന്ത്യക്കാരായ തൊഴിലാളികളെ സ്വാഗതംചെയ്ത് ജർമനി

ന്യൂഡൽഹി: യുഎസ് എച്ച്1 ബി വിസ ഫീസ് ഉയർത്തിയതിന് പിന്നാലെ ഇന്ത്യക്കാരായ തൊഴിലാളികളെ സ്വാഗതം ചെയ്ത് ജർമനി. ഇന്ത്യയിലെ ജർമൻ സ്ഥാനപതിയായ ഡോ. ഫിലിപ്പ് അക്കേർമാൻ ആണ് ഉയർന്ന വൈദഗ്ധ്യമുള്ള ഇന്ത്യക്കാരെ ജർമനിയിലേക്ക് സ്വാഗതംചെയ്ത് രംഗത്തെത്തിയത്. കഴിഞ്ഞദിവസം സാമൂഹികമാധ്യമമായ എക്സിൽ പോസ്റ്റ് ചെയ്ത വീഡിയോയിലൂടെയായിരുന്നു അദ്ദേഹം ജർമനിയിലെ തൊഴിലവസരങ്ങൾ വിശദീകരിച്ചത്. സ്ഥിരതയാർന്ന കുടിയേറ്റ നയങ്ങൾകൊണ്ടും ഐടി, മാനേജ്മെന്റ്, സയൻസ്, ടെക് മേഖലകളിൽ ഇന്ത്യക്കാർക്കുള്ള തൊഴിലവസരങ്ങൾ കൊണ്ടും ജർമനി വേറിട്ടുനിൽക്കുന്ന രാജ്യമാണെന്ന് ഡോ. ഫിലിപ്പ് അക്കേർമാൻ എക്സിൽ കുറിച്ചു.'

'സുരേഷ് ഗോപി എന്ത് ഉദ്ദേശിച്ചാണ് പറഞ്ഞതെന്ന് അറിയില്ല, എയിംസ് തിരുവനന്തപുരത്തിന് വേണം'

ബിജെപിയിൽ ഭിന്നത

തിരു : എയിംസ് ആലപ്പുഴയിൽ സ്ഥാപിക്കണമെന്ന കേന്ദ്രമന്ത്രി സുരേഷ് ഗോപിയുടെ ആവശ്യം തള്ളി ബിജെപി തിരുവനന്തപുരം സിറ്റി ജില്ലാ പ്രസിഡന്റ് കരമന ജയൻ. സുരേഷ് ഗോപി എന്ത് ഉദ്ദേശിച്ചാണ് ആലപ്പുഴയിൽ വേണമെന്ന് പറഞ്ഞതെന്ന് അറിയില്ല. എയിംസ് സ്ഥാപിക്കേണ്ടത് തിരുവനന്തപുരത്താണെന്ന് കരമന ജയൻ ഒരു സ്വകാര്യ ചാനലിനോട് പറഞ്ഞു. തിരുവനന്തപുരത്ത് എയിംസ് സ്ഥാപിച്ചാൽ കേരളത്തിനും തമിഴ്നാടിനും പ്രയോജനം ചെയ്യുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

'എയിംസ് സ്ഥാപിക്കാൻ ഏറ്റവും അനുയോജ്യമായ സ്ഥലം തിരുവനന്തപുരത്തെ കള്ളിക്കാട് പഞ്ചായത്തിലെ നെട്ടുകാൽത്തേരിയാണ്. 250ൽ അധികം ഏക്കർ സ്ഥലം അവിടെയുണ്ട്. കേരളത്തിൽ ഇതുപോലെ അനുയോജ്യമായ സ്ഥലം വേറെയില്ല. 2015ൽ കേരളത്തിലെ അന്നത്തെ സർക്കാർ ഈ സ്ഥലം കണ്ടെത്താൻ വിദഗ്ദ സംഘത്തെ നിയോഗിച്ച്, ആ സംഘം വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

തലസ്ഥാന നഗരമാണ് തിരുവനന്തപുരം. ശ്രീചിത്ര മെഡിക്കൽ സെന്റർ, രാജീവ്ഗാന്ധി ബയോടെക്നോളജി, ആർസിസി അടക്കമുള്ള മെഡിക്കൽ ഹബ്ബുള്ളത് തിരുവനന്തപുരത്താണ്. അത് കേരളത്തിനും തമിഴ്നാടിനും പ്രയോജനം ചെയ്യും. 2021 നിയമസഭ തിരഞ്ഞെടുപ്പിൽ പാറശാല നിയോജകമണ്ഡലത്തിലെ ഏറ്റവും വലിയ ആവശ്യമായിരുന്നു എയിംസ് കൊണ്ടുവരിക എന്നത്. അനന്തപുരിയിൽ തന്നെ എയിംസ് വരണമെന്നാണ് അഭിപ്രായം.

കേന്ദ്രമന്ത്രി സുരേഷ് ഗോപി എന്ത് ഉദ്ദേശിച്ചാണ് ആലപ്പുഴയിൽ എയിംസ് വരണമെന്ന് പറഞ്ഞതെന്ന് അറിയില്ല. സംസ്ഥാന നേതൃത്വത്തിന്റെ നിലപാട് അറിയില്ല. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന പ്രസിഡന്റിനോട് സംസാരിച്ചിട്ടില്ല. അദ്ദേഹവുമായി ആലോചിച്ച് നിലപാട് എടുക്കും. തിരുവനന്തപുരത്തിന്റെ ആവശ്യങ്ങൾക്ക് അദ്ദേഹം മുഖം തിരിഞ്ഞ് നിൽക്കില്ലെന്നാണ് കരുതുന്നത്'- കരമന ജയൻ പറഞ്ഞു.

എയിംസ് വിഷയത്തിൽ കേന്ദ്ര സർക്കാരിൽ നിന്ന് പൂർണപിന്തുണ ലഭിച്ചിട്ടുണ്ടെന്ന് കേന്ദ്ര മന്ത്രി സുരേഷ് ഗോപി നേരത്തെ അറിയിച്ചിരുന്നു. എയിംസ് ആലപ്പുഴയിൽ തന്നെ സ്ഥാപിക്കണമെന്നാണ് അദ്ദേഹം പറയുന്നത്. വികസന കാര്യങ്ങളിൽ മറ്റ് ജില്ലകളെ അപേക്ഷിച്ച് പിന്നാക്കം നിൽക്കുന്ന ആലപ്പുഴയെ മുന്നോട്ട് കൊണ്ടുവരേണ്ടത് നമ്മുടെ കടമയാണെന്ന് സുരേഷ് ഗോപി കൂട്ടിച്ചേർത്തു. 13 ജില്ലകളെടുത്ത് പരിശോധിച്ചാൽ ഇടുക്കിയേക്കാൾ പിന്നിലാണ് ആലപ്പുഴ. ഈ ജില്ല വലിയ ദുരിതമാണ് നേരിടുന്നത്. അതിനാൽ, ആലപ്പുഴയിൽ എയിംസ് സ്ഥാപിക്കണമെന്നത് ഈ നാടിന്റെ വികസനത്തിന് അനിവാര്യമാണെന്നും സുരേഷ് ഗോപി പറഞ്ഞിരുന്നു.

തമിഴ്നാട് സർക്കാരിന്റെ എംഎസ് സുബ്ബലക്ഷ്മി പുരസ്കാരം കെ ജെ യേശുദാസിന്; എംകെ സ്റ്റാലിൻ സമ്മാനിക്കും



ചെന്നൈ: കലാ, സാഹിത്യ രംഗത്തെ പ്രതിഭകൾക്ക് നൽകുന്ന തമിഴ്നാട് സർക്കാരിന്റെ പരമോന്നത സിവിലിയൻ ബഹുമതിയായ കലൈമാമണി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. 2021, 2022, 2023 കാലയളവിലെ പുരസ്കാരങ്ങളാണ് പ്രഖ്യാപിച്ചത്. എംഎസ് സുബ്ബലക്ഷ്മി പുരസ്കാരത്തിന് ഗായകൻ കെ ജെ യേശുദാസ് അർഹനായി. സംഗീത മേഖലയിലെ സംഭാവനകൾ പരിഗണിച്ചാണ് പുരസ്കാരം. ഒരു ലക്ഷം രൂപയും മൂന്ന് പവന്റെ സ്വർണമെഡലും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം. അടുത്ത മാസം ചെന്നൈയിൽ നടക്കുന്ന പരിപാടിയിൽ മുഖ്യമന്ത്രി എം കെ സ്റ്റാലിൻ പുരസ്കാരങ്ങൾ സമ്മാനിക്കും.

2021ലെ കലൈമാമണി പുരസ്കാരത്തിന് നടി സായ് പല്ലവി, നടൻ എസ്ജെ സൂര്യ, സംവിധായകൻ ലിംഗുസ്വാമി, ആക്ഷൻ കൊറിയോഗ്രാഫർ സൂപ്പർ സുബ്ബരായൻ എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. നടൻ വിക്രം പ്രഭു, വി സി ഗുഹനാഥൻ, ഗാനരചയിതാവ് വിവേക, പി ആർഒ ഡയമണ്ട് ബാബു എന്നിവർ 2022ലെ കലൈമാമണി പുരസ്കാരത്തിന് അർഹരായി.

2023ലെ കലൈമാമണി പുരസ്കാരത്തിന് ഗായിക ശ്വേതാ മോഹൻ, നടന്മാരായ മണികണ്ഠൻ, ജോർജ് മാരിയൻ, ഛായാഗ്രാഹകൻ സന്തോഷ് കുമാർ, സംഗീത സംവിധായകൻ അനിരുദ്ധ് രവിചന്ദർ, കൊറിയോഗ്രാഫറും നടനുമായ സാൻഡി മാസ്റ്റർ, പിആർഒ നിഖിൽ മുരുകൻ എന്നിവർ അർഹരായി. സിനിമ, സംഗീതം, നാടകം, നൃത്തം, ഗ്രാമീണകലകൾ തുടങ്ങി വിവിധ വിഭാഗങ്ങളിലായി ആകെ 90 പേരെയാണ് പുരസ്കാരം നൽകി ആദരിക്കുന്നത്.

വീട് കുത്തിത്തുറന്ന് 90 പവൻ സ്വർണവും ഒരു ലക്ഷം രൂപയും കവർന്നു

തിരുവനന്തപുരം: വിഴിഞ്ഞത്ത് ആളില്ലാതിരുന്ന വീട് കുത്തിത്തുറന്ന് വൻ കവർച്ച. മുൻ ഫയർഫോഴ്സ് ഉദ്യോഗസ്ഥനായ ഗിൽബർട്ടിന്റെ വെണ്ണിയൂരിലെ വീട്ടിലാണ് കവർച്ച നടന്നത്. 90 പവൻ സ്വർണവും ഒരു ലക്ഷം രൂപയുമാണ് മോഷണം പോയത്.

വീടിന്റെ മുൻ വാതിൽ പൊളിച്ചാണ് മോഷ്ടാവ് ഉള്ളിൽ കയറിയത്. രണ്ടാമത്തെ നിലയിലെ അലമാരയിലാണ് സ്വർണം സൂക്ഷിച്ചിരുന്നത്. താഴത്തെ നിലയിലെ മുറിയിൽ നിന്നാണ് ഒരു ലക്ഷം രൂപ മോഷണം പോയത്. എന്നാൽ, വീട്ടിലെ മറ്റൊരു അലമാരയിൽ സൂക്ഷിച്ചിരുന്ന 35 പവൻ സ്വർണം നഷ്ടമായിട്ടില്ല. അലമാര പൊളിക്കാൻ ശ്രമിച്ചെങ്കിലും പരാജയപ്പെട്ടതിനാലാണ് ഈ സ്വർണം മോഷ്ടാവിന് കൈക്കലാക്കാൻ കഴിയാത്തത്.

ഗിൽബർട്ടിന്റെ സഹോദരിയുടെ മകൻ കഴിഞ്ഞ ദിവസം മരണപ്പെട്ടിരുന്നു. അതിനാൽ, തൊട്ടടുത്തുള്ള സഹോദരിയുടെ വീട്ടിലാണ് ഗിൽബർട്ടും കുടുംബംവും ഉറങ്ങാൻ പോകുന്നത്. ഇതെല്ലാം കൃത്യമായി അറിയുന്ന ആളാണ് മോഷണം നടത്തിയതെന്നാണ് വീട്ടുകാർ പറയുന്നത്. പുലർച്ചെ വീട്ടുകാരെത്തി നോക്കിയപ്പോഴാണ് മോഷണം നടന്നെന്ന് അറിയുന്നത്.

സംഭവത്തിൽ വിഴിഞ്ഞം പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ഗിൽബർട്ടിന്റെ വീടിനെക്കുറിച്ച് വ്യക്തമായി അറിയാവുന്ന ആരോ ആണ് മോഷണം നടത്തിയതെന്ന് പൊലീസ് പറഞ്ഞു.

പറഞ്ഞ വാക്ക് പാലിച്ചു; എൻഎം വിജയന്റെ അർബൻ ബാങ്കിലെ ബാദ്ധ്യത തീർത്ത് കോൺഗ്രസ്

കൽപ്പറ്റ: ആത്മഹത്യ ചെയ്ത വയനാട് മുൻ ഡിസിസി ട്രഷറർ എൻഎം വിജയന്റെ അർബൻ ബാങ്കിലെ ബാദ്ധ്യത കോൺഗ്രസ് അടച്ചുതീർത്തു. ബാങ്കിൽ 63 ലക്ഷം രൂപയുടെ കടമാണ് വിജയന് ഉണ്ടായിരുന്നത്. കടം അടച്ച് തീർക്കുമെന്ന് കെപിസിസി പ്രസിഡന്റ് നേരത്തേ വയനാട്ടിൽ പ്രഖ്യാപിച്ചിരുന്നു. കടം അടച്ച് തീർക്കാത്തതിനെത്തുടർന്ന് വിജയന്റെ മരുമകൾ ഡിസിസി ഓഫീസിന് മുന്നിൽ സത്യാഗ്രഹമിരിക്കുമെന്ന് പ്രഖ്യാപിച്ചത് വലിയ വിവാദമായിരുന്നു. നേരത്തേ 20 ലക്ഷം രൂപ പണമായി കുടുംബത്തിന് നേരിട്ട് കോൺഗ്രസ് നൽകിയിരുന്നു. സ്വകാര്യ ധനകാര്യ സ്ഥാപനത്തിൽ പത്ത് ലക്ഷം രൂപ നൽകി ബാദ്ധ്യതയും തീർത്തിരുന്നു.

കഴിഞ്ഞ ഡിസംബർ 25നാണ് എൻഎം വിജയനെയും മകൻ ജിജേഷിനെയും വിഷം കഴിച്ച് ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. 27ന് ഇരുവരും മരിച്ചു. ഇതിന് ശേഷം പുറത്തുവന്ന എൻഎം വിജയന്റെ ആത്മഹത്യാക്കുറിപ്പും അനുബന്ധ തെളിവുകളുമാണ് കോൺഗ്രസ് നേതാക്കൾക്ക് കുരുക്കായത്. ഐസി ബാലകൃഷ്ണൻ, എൻഡി അപ്പച്ചൻ, കെകെ ഗോപിനാഥൻ, പിവി ബാലചന്ദ്രൻ എന്നിവരുടെ പേരുകളടക്കം വിജയൻ ആത്മഹത്യാക്കുറിപ്പിൽ പരാമർശിച്ചിരുന്നു.

എസ്.പി നേതാവ് അസം ഖാൻ ജയിൽ മോചിതനായി; സ്വീകരിക്കാനെത്തിയത് വൻ ജനാവലി

ലഖ്നോ: മുതിർന്ന സമാജ്വാദി പാർട്ടി നേതാവും മുൻ ഉത്തർപ്രദേശ് കാബിനറ്റ് മന്ത്രിയുമായ അസം ഖാൻ ജയിൽ മോചിതനായി. സീതാപൂർ ജയിലിൽനിന്ന് ചൊവ്വാഴ്ച ഉച്ചയോടെയാണ് അസംഖാൻ പുറത്തിറങ്ങിയത്. അദ്ദേഹത്തിന്റെ മകൻ, ബന്ധുക്കൾ, സുഹൃത്തുക്കൾ, പാർട്ടി പ്രവർത്തകർ എന്നിവരുൾപ്പെടെ വൻ ജനാവലിയാണ് രാവിലെ മുതൽ തന്നെ സീതാപൂർ ജയിലിന് പുറത്ത് തടിച്ചുകൂടിയത്. 23 മാസത്തെ ജയിൽവാസത്തിന് ശേഷമാണ് അദ്ദേഹം പുറത്തിറങ്ങിയത്.

രണ്ട് കേസുകളിലായി 8,000 രൂപ പിഴയടച്ച ശേഷമാണ് അസം ഖാൻ പുറത്തിറങ്ങിയത്. പാർട്ടി പ്രവർത്തകർ മുദ്രാവാക്യങ്ങളുമായാണ് അദ്ദേഹത്തെ സ്വീകരിച്ചത്. എന്നാൽ അസം ഖാൻ ആരോടും ഒന്നും മിണ്ടാതെ വാഹനത്തിൽ കയറി പോവുകയാണുണ്ടായത്. ജന്മനാടായ രാംപൂരിലേക്ക് പോയതായാണ് വിവരം. കാലിറ്റി ബാർ ഭൂമി കൈയേറ്റ കേസിൽ സെപ്റ്റംബർ 18നാണ് അലഹബാദ് ഹൈകോടതി അസം ഖാന് ജാമ്യം അനുവദിച്ചത്. റാംപൂരിലെ സിവിൽ ലൈൻസ് പൊലീസ് സ്റ്റേഷനിലാണ് എഫ്ഐ.ആർ രജിസ്റ്റർ ചെയ്തത്. തുടർന്ന് ജാമ്യം തേടി കോടതിയെ സമീപിക്കുകയായിരുന്നു.

ബി.എസ്.പിയിൽ ചേർന്നേക്കുമെന്ന അഭ്യൂഹങ്ങളിൽ അസംഖാൻ പ്രതികരിക്കാൻ തയാറായില്ല. ജയിലിൽ ആരുമായും കൂടിക്കാഴ്ച നടത്താനുള്ള സാഹര്യമില്ല. കഴിഞ്ഞ രണ്ടുവർഷമായി പുറംലോകവുമായി ബന്ധമില്ല. അതിനു മൂന്ന് വർഷം മുമ്പ് കേസുമായി ബന്ധപ്പെട്ട് കസ്റ്റഡിയിലായിരുന്നു. ചുരുക്കത്തിൽ 5 വർഷമായി ആരുമായും ബന്ധമില്ല. താനൊരു തെറ്റും ചെയ്തിട്ടില്ലെന്നും വ്യാജ കേസുകളിൽ പെടുത്തി ജയിലിലടക്കുകയായിരുന്നുവെന്നും അസം ഖാൻ പറഞ്ഞു.

ഈ മാസമാദ്യം റാംപൂരിലെ ദുൻഗർപൂർ കോളനിയിൽ നിന്ന് താമസക്കാരെ നിർബന്ധിച്ച് ഒഴിപ്പിച്ചതുമായി ബന്ധപ്പെട്ട മറ്റൊരു കേസിൽ അലഹബാദ് ഹൈകോടതി അദ്ദേഹത്തിന് ജാമ്യം അനുവദിച്ചിരുന്നു. റോഡ് ഉപരോധം, പൊതു സ്വത്ത് നശിപ്പിക്കൽ എന്നിവയുമായി ബന്ധപ്പെട്ട 17 വർഷം പഴക്കമുള്ള കേസിലും കോടതി ഖാനെ കുറ്റവിമുക്തനാക്കിയിരുന്നു. വർഷങ്ങളായി അദ്ദേഹത്തിനെതിരെ വിവിധ ക്രിമിനൽ കുറ്റങ്ങൾ ഉൾക്കൊള്ളുന്ന 16 എഫ്. ഐ.ആറുകളാണ് ഫയൽ ചെയ്തത്.

കളമശ്ശേരി ജുഡീഷ്യൽ സിറ്റിക്ക് 27 ഏക്കർ ഭൂമി

തിരു : എച്ച്എംടി ലിമിറ്റഡിന്റെ കൈവശമുള്ള 27 ഏക്കർ ഭൂമി ഏറ്റെടുത്ത് കളമശ്ശേരിയിൽ ജുഡീഷ്യൽ സിറ്റി സ്ഥാപിക്കുന്നതിന് തത്വത്തിൽ അനുമതി നൽകി മന്ത്രിസഭാ യോഗം. പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ പ്രാരംഭ നടപടികൾ ആരംഭിക്കുന്നതിനും, കേന്ദ്ര സഹായം ലഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനും ആഭ്യന്തര വകുപ്പിനെ ചുമതലപ്പെടുത്തി.

സംസ്ഥാനത്തെ സർവ്വകലാശാല ആക്ടുകളിൽ സിൻഡിക്കേറ്റ് യോഗം ചേരുന്നതുമായി ബന്ധപ്പെട്ട് പുതിയ വ്യവസ്ഥ കൂട്ടിചേർക്കുന്നതിനുള്ള കരട് ബിൽ അംഗീകരിച്ചു.

കെൽട്രോൺ സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കും.

തസ്തിക: കണ്ണൂർ, അഞ്ചരക്കണ്ടി ഹയർസെക്കണ്ടറി സ്കൂളിൽ 2022–23 അധ്യയന വർഷത്തിൽ 6 എച്ച് എസ് റ്റി തസ്തികയും, 2023–2024 അധ്യയന വർഷത്തിൽ 9 എച്ച് എസ് റ്റി തസ്തികയും 1 ജൂനിയർ ലാംഗ്വേജ് ഹിന്ദി, 1 ജൂനിയർ ലാംഗ്വേജ് അറബിക് തസ്തികകളും അനുവദിക്കും.

മലബാർ കാൻസർ സെൻറിൽ രണ്ട് സയൻറിഫിക് ഓഫീസർ (ന്യൂക്ലിയർ മെഡിസിൻ) തസ്തിക സൃഷ്ടിക്കും.

എറണാകുളം സെൻറ് തെരേസാസ് കോൺവൻറ് ഗേൾസ് എച്ച്.എസ്.എസ് ലെ എച്ച്.എസ്.എസ്.ടി-ജൂനിയർ (ഫ്രഞ്ച്) തസ്തിക എച്ച്എസ്.എസ്.ടി (ഫ്രഞ്ച്) തസ്തിക ആയി ഉയർത്തും.

പിണറായി എജുക്കേഷൻ ബിൽ അനുവദിച്ച സർക്കാർ പോളിടെക്നിക്ക് കോളേജിലെ ലൈബ്രേറിയൻ ഗ്രേഡ് IV തസ്തിക ഗ്രേഡ് III തസ്തികയാക്കി ഉയർത്തും.

വിവാദങ്ങൾക്കിടെ ആദ്യമായി രാഹുൽ മാങ്കൂട്ടത്തിൽ പാലക്കാട്

പാലക്കാട്: ലൈംഗിക ആരോപണം നേരിടുന്ന രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎ തന്റെ മണ്ഡലമായ പാലക്കാട്ടേക്ക് എത്തി. വിവാദമുണ്ടായതിന് ശേഷം ആദ്യമായിട്ടാണ് രാഹുൽ മണ്ഡലത്തിലെത്തിയത്. പ്രതിഷേധം ഉയരാൻ സാദ്ധ്യതയുള്ളതിനാൽ എം എൽ എ ഓഫീസിന് പൊലീസ് കനത്ത സുരക്ഷയാണ് ഏർപ്പെടുത്തിയിരിക്കുന്നത്.

38 ദിവസത്തിന് ശേഷമാണ് രാഹുൽ മാങ്കൂട്ടത്തിൽ പാലക്കാട്ടെത്തുന്നത്. പ്രാദേശിക കോൺഗ്രസ് നേതാക്കളെയെല്ലാം വിളിച്ചറിയിച്ച ശേഷമാണ് രാഹുൽ എത്തിയതെന്നാണ് വിവരം. ഇന്ന് പുലർച്ചെയോടെയാണ് അടൂരിലെ വീട്ടിൽ നിന്ന് പുറപ്പെട്ടത്. പാലക്കാട്ടെ പ്രാദേശിക കോൺഗ്രസ് നേതാവിന്റെ മരണവീട്ടിലേക്കാണ് നേരെ പോയത്. രാഹുൽ ഉടൻ മാദ്ധ്യമങ്ങളെ കാണും.

തദ്ദേശ തിരഞ്ഞെടുപ്പ് അടുത്തിരിക്കുകയാണ്. ഈ സാഹചര്യത്തിൽ രാഹുൽ മണ്ഡലത്തിൽ സജീവമാകണമെന്ന് പല നേതാക്കളും അഭിപ്രായപ്പെട്ടിരുന്നു. രാഹുൽ മണ്ഡലത്തിൽ വരുന്നതിനോട് പ്രതിപക്ഷ നേതാവ് വി ഡി സതീശനും എതിരഭിപ്രായം പറഞ്ഞിട്ടില്ല.

ആരോപണങ്ങൾ ഒരുപാടുണ്ടായെങ്കിലും ഒരു സ്ത്രീ പോലും പരാതി നൽകിയിട്ടില്ലെന്നും അതിനാൽ രാഹുൽ മാറിനിൽക്കേണ്ട ആവശ്യമില്ലെന്നുമാണ് പല നേതാക്കളും പറയുന്നത്. എന്നാൽ ആരോപണങ്ങൾ രാഹുൽ നിഷേധിക്കാത്തതിനെതിരെ പാർട്ടിക്കുള്ളിൽത്തന്നെ വിമർശനം ഉയർന്നിരുന്നു.

രാഹുൽ പാലക്കാട് എത്തിയാൽ തടയുമെന്ന് ബി ജെ പിയും ഡി വൈ എഫ് ഐയുമൊക്കെ നേരത്തെ പ്രതികരിച്ചിരുന്നു. എം എൽ എ ഓഫീസിലേക്ക് എത്തിയാലും പ്രതിഷേധം ഉണ്ടാകുമെന്ന് നേരത്തെ വ്യക്തമാക്കിയിരുന്നു.

കെപിസിസി മുൻ സെക്രട്ടറി പി.ജെ. പൗലോസ് അന്തരിച്ചു

പാലക്കാട്: കെപിസിസി മുൻ സെക്രട്ടറിയും ജില്ലാ പഞ്ചായത്ത് മുൻ അംഗവുമായ മണ്ണാർക്കാട് തെങ്കര പനയാരം പിള്ളി വീട്ടിൽ പി.ജെ. പൗലോസ് അന്തരിച്ചു. അർബുദ ബാധിതനായി ചികിത്സയിൽ കഴിയവെയാണ് അന്ത്യം. 79 വയസ്സായിരുന്നു. ആരോഗ്യനില വഷളായതിനെ തുടർന്ന് ചൊവ്വാഴ്ച രാത്രി 10.30ഓടെ മണ്ണാർക്കാട് വട്ടമ്പലത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്ന് പുലർച്ചെ രണ്ടുമണിയോടെയാണ് അന്ത്യം.

സംസ്ഥാനത്ത് സ്വർണവില കുറഞ്ഞു

തൃശൂർ: കേരളത്തിൽ തുടർച്ചയായി വർധിച്ച സ്വർണവില ഇന്ന് അൽപം കുറഞ്ഞു. ഗ്രാമിന് 30 രൂപയും പവന് 240രൂപയുമാണ് കുറഞ്ഞത്. ഇതോടെ ഗ്രാമിന് 10,575 രൂപയും പവന് 84,600 രൂപയുമായി.

17 വിദ്യാർത്ഥിനികളെ ലൈംഗികാതിക്രമത്തിനിരയാക്കി, വ്യാജ കാറിൽ കറക്കം; പ്രശസ്ത ബാബക്കെതിരെ കേസ്



ന്യൂഡൽഹി: പ്രശസ്ത ആശ്രമത്തിലെ ഡയറക്ടർ 17 വിദ്യാർത്ഥിനികളെ ലൈംഗികാതിക്രമത്തിനിരയാക്കിയതായി പരാതി. ഡൽഹി വസന്ത് കുഞ്ചിലെ ശ്രീ ശാരദ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഇന്ത്യൻ മാനേജ്മെന്റ് ഡയറക്ടർ സ്വാമി ചൈതന്യാനന്ദ സരസ്വതി എന്ന പാർത്ഥസാരഥിക്കെതിരെയാണ് പരാതി ഉയർന്നത്. സ്ഥാപനത്തിൽ സാമ്പത്തിക പിന്നോക്ക വിഭാഗത്തിൽസ്കോളർഷിപ്പോടെ പോസ്റ്റ് ഗ്രാജുവേറ്റ് മാനേജ്മെന്റ് ഡിപ്ലോമ കോഴ്സ് ചെയ്യുന്ന വിദ്യാർത്ഥിനികളാണ് പരാതി നൽകിയിരിക്കുന്നത്.

ആക്ഷേപകരമായ ഭാഷയിൽ സംസാരിച്ചു, അശ്ലീല സന്ദേശങ്ങൾ അയച്ചു, ബലമായി ശരീരത്തിൽ സ്പർശിച്ചു എന്നിങ്ങനെയുള്ള പരാതികളാണ് സ്വാമി ചൈതന്യാനന്ദയ്ക്കെതിരെ ഉയർന്നത്. ഡയറക്ടറുടെ ആവശ്യങ്ങൾ നടപ്പിലാക്കാൻ വിദ്യാർത്ഥിനികളെ അദ്ധ്യാപികമാരും മറ്റ് സ്റ്റാഫ് അംഗങ്ങളും നിർബന്ധിച്ചതായും പരാതിയിലുണ്ട്. ആശ്രമത്തിലെ വാർഡൻമാരാണ് ചൈതന്യാനന്ദയെ പരിചയപ്പെടുത്തിയതെന്ന് ചില വിദ്യാർത്ഥിനികൾ പറഞ്ഞു. വിദ്യാർത്ഥിനികളുടെ പരാതിയിൽ ചൈതന്യാനന്ദയ്ക്കെതിരെ ലൈംഗികാതിക്രമത്തിന് കേസെടുത്തതായി പൊലീസ് അറിയിച്ചു.

സ്ഥാപനത്തിലും ചൈതന്യാനന്ദയുടെ വീട്ടിലും പൊലീസ് റെയ്ഡ് നടത്തി. സിസിടിവി ദൃശ്യങ്ങളും പരിശോധിച്ചു. ഇയാൾ സ്ഥലത്തില്ലെന്നും അന്വേഷണം ആരംഭിച്ചതായും പൊലീസ് വ്യക്തമാക്കി. റെയ്ഡിനിടെ സ്ഥാപനത്തിന്റെ ബേസ്മെന്റിൽ നിന്ന് ചൈതന്യാനന്ദ ഉപയോഗിക്കുന്ന കാർ പൊലീസ് കണ്ടെടുത്തു. കാറിന്റെ നമ്പർ പ്ലേറ്റ് വ്യാജമാണെന്ന് അന്വേഷണത്തിൽ കണ്ടെത്തിയതായും പൊലീസ് വൃത്തങ്ങൾ പറഞ്ഞു. ചൈതന്യാനന്ദയ്ക്കെതിരെ ആരോപണങ്ങൾ ഉയർന്നതിന് പിന്നാലെ ഡയറക്ടർ സ്ഥാനത്തുനിന്ന് ഇയാളെ പുറത്താക്കിയതായി ആശ്രമത്തിന്റെ നടത്തിപ്പുകാരായ ശ്രിംഗേരി ദക്ഷിണാംനയ ശ്രീ ശാരദ പീഠ അറിയിച്ചു. ചൈതന്യാനന്ദയുടെ പ്രവൃത്തികൾ അനധികൃതമാണെന്നും സ്ഥാപനത്തിന്റെ താത്പര്യങ്ങൾക്ക് വിരുദ്ധമാണെന്നും ശാരദ പീഠ പ്രസ്താവനയിൽ വ്യക്തമാക്കി.

"സർക്കാരിൽ വിശ്വാസം, കോൺഗ്രസും ബിജെപിയും വിശ്വാസികൾക്കായി ഒന്നും ചെയ്യുന്നില്ല"; നയം വ്യക്തമാക്കി എൻഎസ്എസ്

തിരു : സംസ്ഥാനം ഭരിക്കുന്ന പിണറായി വിജയൻ സർക്കാരിനെ വിശ്വാസമാണെന്ന് എൻഎസ്എസ് ജനറൽ സെക്രട്ടറി ജി സുകുമാരൻ നായർ. വിശ്വാസ പ്രശ്നത്തിലെ നിലപാട് മാറ്റം സ്വാഗതാർഹമാണ്. യുവതികളെ ശബരിമലയിൽ പ്രവേശിപ്പിക്കാൻ സർക്കാരിന് കഴിയുമായിരുന്നെന്നും എന്നാൽ അവർ ചെയ്തില്ലല്ലോ എന്നും സുകുമാരൻ നായർ ചോദിക്കുന്നു. കോൺഗ്രസിന് വിശ്വാസ പ്രശ്നത്തിൽ ഉറച്ച നിലപാടില്ലെന്നും കേന്ദ്ര സർക്കാർ വിശ്വാസികൾക്കായി ഒന്നും ചെയ്തില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

'ആരോടും ഞങ്ങൾക്ക് എതിർപ്പില്ല. ആശയങ്ങളോടാണ് എതിർപ്പ്. കേന്ദ്ര സർക്കാരിന്റെ പ്രതിനിധിയായ അന്നത്തെ മന്ത്രി വി മുരളീധരൻ ശബരിമല വിഷയത്തിൽ നിയമമുണ്ടാക്കുമെന്ന് പറഞ്ഞു, എന്നിട്ട് എന്തായി വല്ലതും നടന്നോ? കോൺഗ്രസിനെക്കൊണ്ടും കഴിയില്ല. അതുകൊണ്ട് നേരത്തെ പ്രശ്നങ്ങൾ ഉണ്ടാക്കിയവർ തന്നെ ആ പ്രശ്നങ്ങൾക്ക് അയവ് വരുത്താൻ ശ്രമിച്ചാൽ അവരുടെ ആശയങ്ങളോട് യോജിക്കുന്നതിൽ തെറ്റുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. അതിനകത്ത് രാഷ്ട്രീയം ഒന്നുമില്ല. ബിജെപിയെക്കൊണ്ടും കോൺഗ്രസിനെക്കൊണ്ടും ഒന്നും ചെയ്യാൻ സാധിക്കുന്നില്ല. കോൺഗ്രസിന്റെ നിലപാട് എന്താണെന്ന് എല്ലാവർക്കും കൃത്യമായി അറിയാം. അവരുടെ നിലപാട് വിശ്വാസികൾക്ക് അനുകൂലമല്ല'- സുകുമാരൻ നായർ പറഞ്ഞു.

ദേവസ്വം ബോർഡ് സംഘടിപ്പിച്ച ആഗോള അയ്യപ്പ സംഗമത്തിൽ എൻഎസ്എസ് പ്രതിനിധി പങ്കെടുത്തതോടെയാണ് സർക്കാരുമായി സമുദായം അടുക്കുകയാണെന്ന സൂചന പുറത്തുവന്നത്. ഇപ്പോൾ ജി സുകുമാരൻ നായർ നയം വ്യക്തമാക്കിയതോടെ വിശ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

സെന്റ് ജോസഫ്സ് കോളേജിൽ ജിഎസ്ടി 2.0 അവബോധവാരം

ഇരിങ്ങാലക്കുട: സെന്റ് ജോസഫ്സ് കോളേജ് (സ്വയംഭരണ), സാമ്പത്തിക ശാസ്ത്ര വകുപ്പ് ഇ.ഡി. ക്ലബ്ബിന്റെ സഹകരണത്തോടെ, സംഘടിപ്പിക്കുന്ന ജിഎസ്ടി 2.0 അവബോധ വാരം (സെപ്റ്റംബർ 22 മുതൽ 26 വരെ) മരിയൻ ഹാളിൽ ആരംഭിച്ചു.

വകുപ്പ് മേധാവി ജോമോൾ തോമസ് സ്വാഗതം ചെയ്തു. സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ്, ഇരിങ്ങാലക്കുട ശാഖ സീനിയർ മാനേജർ എപ്സൺ തോമസ് ഉദ്ഘാടനം നിർവഹിച്ചു.

അവബോധ വാരാചരണത്തിന്റെ വിശദാംശങ്ങൾ അസോസിയേഷൻ സെക്രട്ടറി കുമാരി ഭാവന പി. നായർ അവതരിപ്പിച്ചു. പി ജി പ്രോഗ്രാം കോർഡിനേറ്റർ അനിഷ എൻ.ജി. വോട്ട് ഓഫ് താങ്ക്സ് രേഖപ്പെടുത്തി.

ജിഎസ്ടി 2.0 അവബോധവാരത്തിൽ കാഹൂട്ട് ക്വിസ് (GST Buzz Battle), ബിംഗോ വിത്ത് എ ടിസ്റ്റ് (GST Edition), ഇൻവൈറ്റഡ് ടോക്ക് ഇൻഡസ്ട്രീസ്, സ്റ്റാർട്ട്അപ്പ്സ്, GST 2.0, റേഡിയോ ആഡ് മേക്കിംഗ് മത്സരം, പി.പി.ടി പ്രെസന്റേഷൻ മത്സരം തുടങ്ങി വിവിധ പരിപാടികൾ സംഘടിപ്പിക്കുമെന്ന് സംഘാടകർ അറിയിച്ചു. സമാപനവും സമ്മാനദാനവും സെപ്റ്റംബർ 26ന് നടക്കും.

ഉഴുതുണ്ണുന്നവരെ തൊഴുതുണ്ണണമെന്ന് ഹരിത കൊയ്ത്തിൽ കർഷകകൂട്ടായ്മ

തൃശൂർ: മണ്ണ്,പ്ലാന്റ്സ്,സിയാസ് എന്നിവയുടെ നേതൃത്വത്തിൽ തൃശൂർ പ്രസ്സ് ക്ലബ്ബിൽ സംഘടിപ്പിച്ച ഹരിത കൊയ്ത്തും സമാദരണ സദസ്സും ശ്രദ്ധേയമായി.

'ഉഴുതുണ്ണുന്നവരെ തൊഴുതുണ്ണണം' എന്ന സന്ദേശം നെഞ്ചിലേറ്റി പ്രകൃതിയുടെയും കർഷകജീവിതത്തിന്റെയും മഹത്വം സമൂഹം തിരിച്ചറിയണമെന്ന് സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം അഭിപ്രായപ്പെട്ടു.

പരിപാടിക്ക് ലീഗൽ അഡ്വൈസർ അഡ്വ: എ.ഡി. ബെന്നി അദ്ധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി മേയർ എം. എൽ.റോസി ഉദ്ഘാടനം നിർവഹിച്ചു.വടക്കാഞ്ചേരി നഗരസഭ ചെയർമാൻ പി.എൻ.സുരേന്ദ്രൻ വിവിധ മേഖലകളിൽ പ്രാവീണ്യമുള്ളവരെ പുരസ്കാരങ്ങൾ നൽകി ആദരിച്ചു.

കേരള പത്രപ്രവർത്തക യൂണിയൻ സംസ്ഥാന സെക്രട്ടറി സുരേഷ് എടപ്പാൾ മുഖ്യപ്രഭാഷണം നടത്തി.സോയിൽ സർവേ ഓഫീസർ സുധീർ പട്ടാമ്പി, പ്ലാന്റ്സ് പ്രസിഡന്റ് ബിജു ആട്ടോർ, സെക്രട്ടറി സോജിമോൻ ആന്റണി, ട്രഷറർ ഷൗക്കത്ത് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

കോർപ്പറേഷൻ കൗൺസിലർ റെജി ചാക്കോള,സോയിൽ അസിസ്റ്റന്റ് ഡയറക്ടർ ഡോ:തോമസ് അനീഷ്, പത്ര പ്രവർത്തകരായ അരുൺ എഴുത്തച്ഛൻ,സിബി പോട്ടോർ തുടങ്ങിയവരും പ്രസംഗിച്ചു

പുങ്കുന്നം റയിൽവേ സ്റ്റേഷനിൽ ടിക്കറ്റ് കൌണ്ടറിനടുത്തു കിടന്നുറങ്ങുന്ന തെരുവ് നായ്ക്കൾ. ഇവയെ മറികടന്നും ആട്ടിയോടിച്ചും വേണം ടിക്കറ്റ് എടുക്കാൻ. പലരും അറിയാതെ നടക്കുമ്പോൾ ഇവയെ ചവിട്ടുന്ന അവസ്ഥയും ഉണ്ട്

ആയുർവേദ ദിനം; റാലി നടത്തി

തൃശൂർ: ആയുർവേദം മാനവരാശിക്കും മനുഷ്യനും എന്ന സന്ദേശം പ്രചരിപ്പിച്ചുകൊണ്ട് ആയുർവേദ ദിനത്തിന്റെ ഭാഗമായി റാലി സംഘടിപ്പിച്ചു. നടുവിലാലിൽ നിന്നും ആരംഭിച്ച റാലി ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ ഫ്ളാഗ് ഓഫ് ചെയ്തു.

ഭാരതീയ ചികിത്സാ വകുപ്പ്, നാഷണൽ ആയുഷ് മിഷൻ എന്നിവയുടെ നേതൃത്വത്തിൽ ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ സഹകരണത്തോടയാണ് റാലി സംഘടിപ്പിച്ചത്. പരിപാടിയുടെ ഭാഗമായി സ്കൂൾ കുട്ടികൾക്കുള്ള ചിത്ര രചനാമത്സരവും, പ്രശ്നോത്തരി മത്സരവും സംഘടിപ്പിച്ചു.

ഭാരതീയ ചികിത്സാ വകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബീനാകുമാരി, ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ആര്യ സോമൻ, കിസാർ സൂപ്രണ്ട് ഡോ. കെ.പി സുധീർകുമാർ, ചീഫ് മെഡിക്കൽ ഓഫീസർ ഡോ. എ. രാഖി, ആർ.വി.ഡി.എ മെഡിക്കൽ ഓഫിസർ ഡോ. നേത്രദാസ് എന്നിവർ റാലിക്ക് നേതൃത്വം നൽകി.

ഹോം ഫോർ ഹോംലെസ്സ് പദ്ധതിയിൽ വീടു നൽകി

കൊടുങ്ങല്ലൂർ: കൊടുങ്ങല്ലൂർ ലയൺസ് ക്ലബ്ബ് മണപ്പുറം ഫിനാൻസിന്റെ സഹായത്തോടെ ഹോം ഫോർ ഹോംലെസ്സ് പദ്ധതിയുടെ ഭാഗമായി പണി തീർത്ത വീടിന്റെ താക്കോൽ ദാനം നിർവഹിച്ചു. മേത്തല കണ്ടംകുളം കൈമാപറമ്പിൽ വേണുഗോപാലിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാതിരുന്ന വീടാണ് നിർമ്മിച്ചു നൽകിയത്. താക്കോൽദാന ചടങ്ങിൽ മൾട്ടിപ്പിൾ കൗൺസിൽ സെക്രട്ടറി ലയൺ ജെയിംസ് വളപ്പില മുഖ്യാ തിഥിയായിരുന്നു. സെക്കൻഡ് വൈസ് ഡിസ്ട്രിക്ട് ഗവർണറും മണപ്പുറം ഫിനാൻസ് സീനിയർ പി ആർ ഓ യുമായ ലയൺ കെ എം അഷറഫ് താക്കോൽദാന ചടങ്ങ് നിർവഹിച്ചു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ലയൺസ് ക്ലബ് മണപ്പുറം ഫിനാൻസിന്റെ സഹകരണത്തോടെ 500 ഓളം വീടുകൾ നിർമിച്ചിട്ടുണ്ട്.

കഴിഞ്ഞ വർഷത്തെ ഹോം ഫോർ ഹോം ലെസ്സ് ഡിസ്ട്രിക്റ്റ് കോഓഡിനേറ്റർ ലയൺ വിൻസൺ ഇലഞ്ഞിക്കൽ, കോർ ക്യാമ്പിനറ്റ് മെമ്പർമാരായ ലയൺ എം എ നസീർ, ലയൺ ടി ആർ കണ്ണൻ, സോൺ ചെയർ പേഴ്സൺ ലയൺ എം എൻ പ്രവീൺ, ക്ലബ്ബ് പ്രസിഡണ്ട് ലയൺ ബലറാം മോഹൻ, സെക്രട്ടറി ലയൺ കെ എ നഷർബാൻ, ട്രഷറർ ലയൺ ഷിമ്മി ഒ എസ്, വൈസ് പ്രസിഡണ്ട് ലയൺ അബ്ദുൾ റഹിമാൻ (രാരു), ലയൺ വി ആർ പ്രേമൻ, ലയൺ ഡാവിഞ്ചി സുരേഷ്, ലയൺ സിബീഷ്എന്നിവർ പങ്കെടുത്തു.

91 വയസ്സുകാരിയെ ലൈംഗികമായി പീഡിപ്പിച്ച് സ്വർണ്ണമാല കവർന്ന കേസ്സിൽ പ്രതിക്ക് ഇരട്ട ജീവപര്യന്തവും 15 വർഷം കഠിനതടവും പിഴയും

ഇരിങ്ങാലക്കുട:- ഇരിങ്ങാലക്കുട സ്വദേശിനി തൊണ്ണൂറ്റിയൊന്നുകാരിയായ വയോധികയുടെ വീട്ടിൽ അതിക്രമിച്ച് കയറി ലൈംഗീകാതിക്രമം നടത്തി സ്വർണ്ണമാല കവർച്ച ചെയ്ത കേസ്സിൽ പ്രതിയ്ക്ക് ഇരട്ട ജീവപര്യന്തം തടവും കൂടാതെ 15 വർഷം കഠിനതടവും ഒരു ലക്ഷത്തി മുപ്പത്തയ്യായിരം രൂപ പിഴയും ശിക്ഷ വിധിച്ചുകൊണ്ട് ഇരിഞ്ഞാലക്കുട അതിവേഗ സ്പെഷ്യൽ കോടതി ജഡ്ജ് വി വീജ സേതുമോഹൻ വിധി പ്രസ്താവിച്ചു.

2022 ആഗസ്റ്റ് മാസം 3 ന് വീട്ടിൽ ഭക്ഷണം കഴിച്ചു കൊണ്ടിരുന്ന വയോധികയെ അടുക്കളയിൽ നിന്നും ബലമായി എടുത്തു കൊണ്ടു പോയി റൂമിൽ വെച്ച് പീഢിപ്പിക്കുകയും കഴുത്തിൽ അണിഞ്ഞിരുന്ന രണ്ടര പവനോളം തൂക്കം വരുന്ന സ്വർണ്ണമാല ബലമായി ഊരിയെടുത്ത് കവർച്ച നടത്തിയെന്ന് ആരോപിച്ച് ഇരിങ്ങാലക്കുട പോലീസ് ചാർജ്ജ് ചെയ്ത കേസ്സിൽ പ്രതിയായ പാലക്കാട് ജില്ല ആലത്തൂർ കിഴക്കുംഞ്ചേരി കണ്ണംക്കുളം സ്വദേശി അവിഞ്ഞിക്കാട്ടിൽ വിജയകുമാർ 40 വയസ്സ് എന്ന ബിജുവിനെയാണ് കോടതി ശിക്ഷിച്ചത്.

പ്രോസിക്യൂഷൻ ഭാഗത്തു നിന്നും 29 സാക്ഷികളേയും 52 രേഖകളും 21 തൊണ്ടിവസ്തുക്കളും ഹാജരാക്കി തെളിവ് നൽകിയിരുന്നു. അതിജീവിത സംഭവത്തിനുശേഷം 8 മാസത്തിനകം മരണപ്പെട്ടു പോയിരുന്നു. സംഭവ സ്ഥലത്തുനിന്നും ലഭിച്ച പ്രതിയുടെ രോമങ്ങൾ സംബന്ധിച്ച ശാസ്ത്രീയ തെളിവുകളും പ്രതിയുടെ കുറ്റസമ്മത മൊഴി പ്രകാരം കണ്ടെടുത്ത സ്വർണ്ണമാലയും കേസ്സിൽ പ്രധാന തെളിവായി. കൂടാതെ സംഭവ സ്ഥലത്തിന്റെ സമീപവാസിയുടെ മൊഴിയും പ്രതി സഞ്ചരിച്ചിരുന്ന മോട്ടോർ ബൈക്കും മറ്റും പ്രതിക്ക് എതിക്കെതിരായ തെളിവായി.

പ്രോസിക്യൂഷനുവേണ്ടി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ. വിജു വാഴക്കാല ഹാജരായി. ലെയ്സൺ ഓഫീസർ ടി. ആർ. രജിനി പ്രോസിക്യൂഷൻ നടപടികൾ ഏകോപിപ്പിച്ചു.

8അന്നത്തെ ഇരിഞ്ഞാലക്കുട പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ അനീഷ് കരീം, ജി.എസ്.ഐ മാരായ കെ.ആർ.സുധാകരൻ, കെ.വി.ജസ്റ്റിൻ, എ.എസ്.ഐ മെഹറുന്നീസ എന്നവരാണ് അന്വേഷണ സംഘത്തിലുണ്ടായിരുന്നത്. എസ്.എച്ച.ഒ അനീഷ് കരീം ആണ് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചത്.

ഇന്ത്യശിക്ഷാ നിയമപ്രകാരം ബലാത്സംഗ കുറ്റത്തിനും കവർച്ചയ്ക്കും ഇരട്ട ജീവപര്യന്തവും ഭവനഭേദന കുറ്റത്തിന് 10 വർഷം കഠിനതടവിനും സ്ത്രീത്വത്തെ അപമാനിച്ചതിന് 5 വർഷം കഠിനതടവും കൂടാതെ ഒരു ലക്ഷത്തി മുപ്പത്തയ്യായിരം രൂപ പിഴയും പിഴയൊടുക്കാതിരുന്നാൽ 16 മാസത്തെ കഠിന തടവിനുമാണ് ശിക്ഷിച്ചത്. പ്രതിയെ തൃശ്ശൂർ ജില്ലാ ജയിലിലേക്ക് റിമാൻഡ് ചെയ്തു.

പിഴ സംഖ്യ ഈടാക്കിയാൽ ആയത് അതി ജീവിതയുടെ അനന്തരാവകാശികൾക്ക് നഷ്ടപരിഹാരമായി നൽകുവാൻ ഉത്തരവിൽ വ്യവസ്ഥയുണ്ട്.

കോടതി പരസ്യം

ബഹു. തൃശൂർ മൂന്നാം അഡീഷ്ണൽ ജില്ലാ കോടതി മുമ്പാകെ

GOP: 273/2025

1) ചാവക്കാട് താലൂക്ക്, പുന്നയൂർ അംശം, അകലാട് ദേശത്ത്, കാര്യാടത്ത് യൂനസ് ഭാര്യ 32 വയസ് നാഷിദ

2) ചാവക്കാട് താലൂക്ക്, പുന്നയൂർ അംശം, അകലാട് ദേശത്ത്, ചിമ്മിനിയൽ കറുപ്പം വീട്ടിൽ അബ്ദുൾ ലത്തീഫ് ഭാര്യ 40 വയസ് സാബിറ അബ്ദുൾലത്തീഫ്

3) ചാവക്കാട് താലൂക്ക്, പുന്നയൂർ അംശം, അകലാട് ദേശത്ത്, കാര്യാടത്ത് മുഹമ്മദ് മകൾ 29 വയസ്, ഷാഫിന കെ.

- ഹരജിക്കാർ

1) ചാവക്കാട് താലൂക്ക്, പുന്നയൂർ അംശം, അകലാട് ദേശത്ത്, കാര്യാടത്ത് യൂനസ് മകൻ 8 വയസ് മുഹമ്മദ് സിഹാൻ K.Y. (Mohammed Zinahan K Y) (ജനനതിയ്യതി: 15-09-2016)

2) ചാവക്കാട് താലൂക്ക്, പുന്നയൂർ അംശം, അകലാട് ദേശത്ത്, കാര്യാടത്ത് യൂനസ് മകൾ 4 വയസ് സെഹ്മ K.Y. (Zehma K Y) (ജനനതിയ്യതി: 21-10-2020)

-മൈനർമാർ

ചാവക്കാട് താലൂക്ക്, പുന്നയൂർ അംശം, അകലാട് ദേശത്ത്, കാര്യാടത്ത് മുഹമ്മദ് മകൻ 34 വയസ് ഷമീർ കാരിയേടത്ത്

-എതൃകക്ഷി

മേൽ നമ്പറിലെ മൈനർമാരായ മുഹമ്മദ് സിഹാൻ K.Y., സെഹ്മ K.Y. എന്നീ കുട്ടികളുടെ ശരീരത്തിനും ജീവനും സ്വത്തിനും രക്ഷിതാവായി കുട്ടികളുടെ മാതാവും ഉറ്റ ബന്ധുവിമായ ഒന്നാം ഹരജിക്കാരിയെ നിയമിച്ചും ബഹു. കോടതി ഒന്നാം ഹരജിക്കാരിയെ മൈനർ കുട്ടികളുടെ രക്ഷിതാവായി നിയമിക്കുന്ന മുറക്ക് ഹരജി പട്ടിക വഹകളിൽ മൈനർമാർക്കുള്ള ഓഹരി അവകാശം തീറ്റ വിൽക്കുന്നതിനും ടി താറാധാരങ്ങളിൽ മൈനർ കുട്ടികൾക്ക് വേണ്ടി ഒപ്പിച്ച് രജിസ്റ്റർ ചെയ്യുന്നതിനും ഒന്നാം ഹരജിക്കാരിയെ അനുവദിച്ചും മറ്റും ഉത്തരവുണ്ടാകുന്നതിനായി ബോധിപ്പിച്ച മേൽ നമ്പർ ഹരജി **21-10-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതാണ്. ആയതിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ 21-10-2025 തിയ്യതി പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 20-09-2025

ഹരജിഭാഗം അഡ്വക്കേറ്റ്

വി.വിജയകുമാർ (ഒപ്പ്)

പഴയ വാഹന രജിസ്ട്രേഷൻ ഫീസ് കുത്തനെ ഉയർത്തിയ തൊഴിലാളി ദ്രോഹ നടപടി പിൻവലിക്കുക: എ ഐ ടി യു സി

ഇരിങ്ങാലക്കുട : ഇരുപത് വർഷത്തിനുമേൽ പഴക്കമുള്ള വാഹനങ്ങളുടെ രജിസ്ട്രേഷൻ ഫീസ് കുത്തനെ വർദ്ധിപ്പിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം മോട്ടോർ വാഹന മേഖലയെയും തൊഴിലാളികളെയും ദ്രോഹകരമായി ബാധിക്കുന്നതാണെന്നും , അത് ഉടൻ പിൻവലിക്കണമെന്നും പ്രൈവറ്റ് മോട്ടോർ തൊഴിലാളി യൂണിയൻ എ ഐ ടി യുസി ഇരിങ്ങാലക്കുട മണ്ഡലം സമ്മേളനം പ്രമേയത്തിലൂടെ സർക്കാരിനോടാവശ്യപെട്ടു. ഓട്ടോറിക്ഷകൾക്ക് 800 രൂപ ഈടാക്കിയിരുന്നത് 5000 രൂപയാക്കി ഉയർത്തിയും 4 ചക്ര വാഹനങ്ങൾക്ക് 800 രൂപയിൽ നിന്ന് 10000 രൂപയും ആയാണ് നിരക്ക് വർധിച്ചിരിക്കുന്നത് ഈ മാസം 20 മുതൽ ഈ നിരക്ക് പ്രപല്യത്തിൽ വരുമെന്നാണ് സർക്കാർ ഉത്തരവിൽ സൂചിപ്പിച്ചത്, ഇത് അങ്ങേയറ്റം പ്രതിഷേധാർഹമാണ് മണ്ഡലം സമ്മേളനം ജില്ലാ പ്രസിഡന്റ് ടീ കെ സുധീഷ് ഉദ്ഘാടനം ചെയ്തു മണ്ഡലം പ്രസിഡന്റ് റഷീദ് കാറളം

ദ്ധ്യക്ഷത വഹിച്ചു സിപി ഐ മണ്ഡലം സെക്രട്ടറി എൻ കെ. ഉദയപ്രകാശ്,ബാബു ചിങ്ങാരത്ത്,മോഹനൻ വലിയാട്ടിൽ,കെ വി.രാമകൃഷ്ണൻ,കെ എസ്.പ്രസാദ്,ധനേഷ് എന്നിവർ സംസാരിച്ചു പുതിയ മണ്ഡലം ഭാരവാഹികളായി വർദ്ധനൻ പുളിക്കൽ പ്രസിഡന്റ്,ധനേഷ് എൻ ഡി സെക്രട്ടറി,ബിനോയ് വി ടി.ട്രഷറർ എന്നിവരുൾപ്പെടെ 15 അംഗ കമ്മിറ്റിയെ സമ്മേളനം തിരഞ്ഞെടുത്തു

കോടതി പരസ്യം

ബഹു. തൃശൂർ കൊമേഴ്സ്യൽ കോടതി മുമ്പാകെ

CS: 77/2024 (PSC)

ന്യൂ മില്ലേനിയം കുറീസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശൂർ

-അന്യായം

തൃശ്ശൂർ ജില്ല മുകുന്ദപുരം താലൂക്ക് ആളൂർ വില്ലേജ് ടി ദേശത്ത് മുള്ളംകുഴി വീട്ടിൽ ഷാജു എം.ജെ ഭാര്യ മേരി ഷാജു

-2-ാം പ്രതി

മേൽ നമ്പർ കേസ്സിലെ 2-ാം പ്രതികൾക്കുള്ള സമൻസ ടിയാന്റെ വാസസ്ഥലത്തും, കോടതിയിലും പതിച്ച് നടത്താൻ കൽപ്പിച്ച് മേൽ നമ്പർ കേസ്സ് **10-11-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ള വിവരം ഇതിനാൽ അറിയിച്ച് കൊള്ളുന്നു. ടി കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപമോ, മറ്റോ ഉണ്ടെങ്കിൽ അന്നേ ദിവസം കാലത്ത് 11 മണിക്ക് കോടതിയിൽ ഹാജരായി അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽ നമ്പ് കേസ്സ് നിങ്ങളെ കൂടാതെ വിധിയാകുന്നതാണെന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 23-09-2025

അന്യായഭാഗം അഡ്വക്കേറ്റ്

റോബ്സൺ പോൾ (ഒപ്പ്)

മുട്ടിക്കൽ-ആറ്റത്ര റഗുലേറ്റർ കം ബ്രിഡ്ജിന് 5.3 കോടിയുടെ കിഫ്ബി അനുമതി

വടക്കാഞ്ചേരി: എരുമപ്പെട്ടി പഞ്ചായത്തിലെ കുണ്ടന്നൂർ മുട്ടിക്കൽ-ആറ്റത്ര റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിന് 5.3 കോടി രൂപയുടെ കിഫ്ബി അനുമതിയായി. വടക്കാഞ്ചേരി പുഴക്ക് കുറുകെ ആറ്റത്ര, മുട്ടിക്കൽ പ്രദേശങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതാണ് മുട്ടിക്കൽ-ആറ്റത്ര റഗുലേറ്റർ കം ബ്രിഡ്ജ്. ഗതാഗത സൗകര്യമൊരുക്കുന്നതിനൊപ്പം പ്രദേശത്തെ കാർഷിക ജലസേചനത്തിനും സംഭരണത്തിനും പ്രധാനമാണ് മുട്ടിക്കൽ ചിറ സംഭരണശേഷിയും കാര്യക്ഷമതയും ഇതിലൂടെ വർധിക്കും.

കാലപ്പഴക്കം മൂലം ക്ഷയിച്ച്, പ്രളയകാലത്ത് കൈവരികൾ ഉൾപ്പെടെ തകർന്ന് ശോചനീയാവസ്ഥയിലായ പാലം പൂർണ്ണമായും നവീകരിക്കാനുള്ള പദ്ധതിയാണ് എ.സി. മൊയ്തീൻ എം.എൽ.എയുടെ നിരന്തര പരിശ്രമത്തിന്റെ ഭാഗമായി യാഥാർത്ഥ്യമാകുന്നത്. കിഫ്ബി ഉദ്യോഗസ്ഥർ ഉൾപ്പെടെ സ്ഥലം സന്ദർശിച്ച് പദ്ധതിയുടെ അനിവാര്യത ഉറപ്പുവരുത്തിയിരുന്നു. പ്രദേശവാസികളുടെ ദീർഘകാലത്തെ കാത്തിരിപ്പിനാണ് ഇതോടെ വിരാമമാകുന്നത്. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനാണ് പദ്ധതി തയ്യാറാക്കിയത്. നിർമ്മാണനിർവ്വഹണവും കെ.ഐ.ഐ.ഡി.സി നിർവ്വഹിക്കും.

പ്രൈവറ്റ് മോട്ടോർ തൊഴിലാളി യൂണിയൻ എ ഐ ടി യു സി ഇരിങ്ങാലക്കുട മണ്ഡലം പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട **വർദ്ധനൻ പുളിക്കൽ,** സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട **എൻ ഡി ധനേഷ്.**

സ്വകാര്യ ചിട്ടി മേഖലയിൽ ദീർഘകാല ചിട്ടികൾ അനുവദിക്കണം- ഓൾ കേരള ചിട്ടി ഫോർമെൻസ് അസ്സോസിയേഷൻ

കൊടുങ്ങല്ലൂർ : ലളിതമായ തവണ വ്യവസ്ഥകളിലൂടെ സാധാരണക്കാരന് സമ്പാദ്യവും വായ്പയും ഒരുപോലെ സാധ്യമാകുന്ന ചിട്ടികൾ കൂടുതൽ ഫലപ്രദമാകുന്നതിന് സ്വകാര്യ ചിട്ടി മേഖലയിൽ ദീർഘകാല ചിട്ടികൾ അനുവദിക്കണമെന്ന് ഓൾ കേരള ചിട്ടി ഫോർമെൻസ് അസ്സോസിയേഷൻ കൊടുങ്ങല്ലൂർ മേഖല യോഗം സർക്കാരിനോട് ആവശ്യപ്പെട്ടു. സ്വകാര്യ ചിട്ടി സേവന രംഗത്ത് നൂറ്റാണ്ടിന്റെ പാരമ്പര്യം കൈമുതലായുള്ള കൊടുങ്ങല്ലൂരിൽ ഓൾ കേരള ചിട്ടി ഫോർമെൻസ് അസ്സോസിയേഷന്റെ മേഖല യോഗം 2025 സെപ്റ്റംബർ 20 ശനിയാഴ്ച്ച 3 മണിക്ക് കൊടുങ്ങല്ലൂർ തെക്കേ നടയിലുള്ള മേത്തല ശ്രീ നാരായണ സമാജത്തിന്റെ മിനി ഹാളിൽ വച്ച് ചേർന്നു.

ദീർകാല ചിട്ടികൾ അനുവദിക്കുക, വസ്തു ഈടിന്മേൽ വരുന്ന ചിട്ടി ബാധ്യതക്ക് കോടതി വിധികൾ മൂലമുണ്ടാകുന്ന നഷ്ടങ്ങൾ പരിഹരിക്കുക തുടങ്ങി ചിട്ടി മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണണമെന്ന് യോഗം ആവശ്യപ്പെട്ടു

ഓൾ കേരള ചിട്ടി ഫോർമെൻസ് അസ്സോസിയേഷനൻ ജനറൽ സെക്രട്ടറി വി. ടി. ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു അസ്സോസിയേഷൻ ചെയർമാൻ ഡേവിഡ് കണ്ണനായ്ക്കൽ ഉദ്ഘാടനം ചെയ്ത യോഗത്തിൽ അസ്സോസിയേഷൻ വൈസ് ചെയർമൻ അഡ്വ.രഞ്ജിത്ത് ഡേവിസ് ആറ്റത്തറ, ഓർഗനൈസിങ്ങ് സെക്രട്ടറി കെ.വി. ശിവകുമാർ രക്ഷാധികാരി ടി.വി.പോൾ, കമ്മിറ്റി മെമ്പർമാരായ അഡ്വ. സി.ആർ.ജെയ്സൻ, തോമസ് പല്ലൻ തുടങ്ങിയവർ സംസാരിച്ചു. മേഖല കൺവീനർ വിനയകുമാർ എം.എസ്. സ്വാഗതവും ജോയന്റ് കൺവീനർ ഷാജി കെ. ബി. നന്ദിയും രേഖപ്പെടുത്തി.

പുതുക്കാട് :സുജിത്തിനെ മർദ്ദിച്ചവരെ സർവ്വീസിൽ നിന്നും പുറത്താക്കണം എന്നാവശ്യപ്പെട്ട് നിയമസഭയിൽ സത്യഗ്രഹം അനുഷ്ഠിക്കുന്ന എം എൽ എ മാർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് പുതുക്കാട് മണ്ഡലം കോൺഗ്രസ് കമ്മിറ്റി നടത്തിയ പന്തം കൊളുത്തി പ്രതിഷേധ പ്രകടനം നടത്തി.പ്രകടനത്തിന് രാജു തളിയപറമ്പിൽ,ഷാജു കാളിയേങ്കര,കെ ജെ ജോജു ,ജെയിസ് പറപ്പുള്ളി ,വർഗ്ഗീസ് തെക്കെത്തല ,ലിൻസൻ പല്ലൻ,ജെസ്റ്റിൻ അറ്റു പുറം എന്നിവർ നേതൃത്വം നൽകി.

വർണാഭമായി വർണ്ണത്തുമ്പികൾ 3.0

പുത്തൂർ: ഗ്രാമപഞ്ചായത്ത് വർണ്ണത്തുമ്പികൾ 3.0 ഭിന്നശേഷി കലോത്സവം 2025-26 നടത്തി. പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി ഉണ്ണികൃഷ്ണൻ ഉദ്ഘാടനം നിർവ്വഹിച്ചു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് അശ്വതി സുനീഷ് അധ്യക്ഷത വഹിച്ചു. പുത്തൂർ സെന്റ് തോമസ് ഫോറോനാ ചർച്ച് ഹാളിൽ നടന്ന കലോത്സവത്തിൽ ഭിന്നേശേഷിക്കാരായ കുട്ടികളും മാതാപിതാക്കളും അടക്കം 130 പേർ പങ്കെടുത്തു. കലാകായിക മത്സരങ്ങളിൽ വിജയിച്ച കുട്ടികൾക്ക് മെഡലുകൾ നൽകി. കലോത്സവത്തിൽ പങ്കെടുത്ത എല്ലാവർക്കും പുത്തൂർ പഞ്ചായത്തിന്റെ മൊമെന്റോയും സ്നേഹോപഹാരങ്ങളും നൽകി. ഐസിഡിഎസ് സൂപ്പർവൈസർ സുസ്മി സ്വാഗതവും പ്രീനു പ്രസാദ് നന്ദിയും പറഞ്ഞു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ പി.എസ്. സജിത്ത്, ഗ്രാമപഞ്ചായത്തംഗം ബിന്ദു സേതുമാധവൻ എന്നിവർ സംസാരിച്ചു.

കാർ തട്ടിയതിനെ തുടർന്നുണ്ടായ തർക്കത്തിൽ കാർ യാത്രക്കാരനെ ആക്രമിച്ച കേസിൽ ഒരു പ്രതി കൂടി റിമാന്റിൽ

ഇരിങ്ങാലക്കുട : ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷൻ പരിധിയിൽ 2025 ജൂലൈ 2 ന് തിയ്യതി രാത്രി 08.30 മണിക്ക് കോണത്തുകുന്ന് വെച്ച് പുത്തൻചിറ സ്വദേശി കൊട്ടിക്കൽ വീട്ടിൽ മുഹമ്മദ് സിദ്ദിഖിന്റെ ബന്ധുവിന്റെ കാറിൽ ഈ കേസിലെ ഒന്നാം പ്രതിയായ ആളൂർ പോലീസ് സ്റ്റേഷൻ റൗഡിയായ ആളൂർ മൂരിയാട് ഉള്ളാട്ടിക്കുളം വീട്ടിൽ മിൽജോയുടെ (29 വയസ്സ്) കാർ തട്ടിയത് ചോദ്യം ചെയ്തതിലുള്ള വൈരാഗ്യധത്താൽ സിദ്ധിഖിനേയും കൂട്ടുകാരെയും ഭീഷണിപ്പെടുത്തി ആക്രമിച്ച് പരിക്കേൽപ്പിച്ച സംഭവത്തിന് ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷനിൽ കേസെടുത്തിരുന്നു. ഈ കേസ്സിലെ പ്രതിയായ വെള്ളാങ്കല്ലൂർ സ്വദേശി വഞ്ചിപുര വീട്ടിൽ ആൻസൻ 32 വയസ്സ് എന്നയാളെയാണ് തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവി ബ